# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:5741 03.11.2016 -ലെ മറുപടി

## എ.സി. കനാൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ചാണ്ടി | മാത്യു ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കുട്ടനാട് പാക്കേജിൽ നിർദ്ദേശിച്ച പ്രകാരം ആലപ്പുഴ - ചങ്ങനാശ്ശേരി റോഡിനു സമാന്തരമായുള്ള എ.സി. കനാൽ തടസ്സങ്ങൾ നീക്കി തുറക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശം വ്യക്തമാക്കാമോ; | (എ) ഈ പദ്ധതി മൂന്നുഘട്ടങ്ങളിലായി നടപ്പിലാക്കുവാൻ 08/06/2011-ൽ കൂടിയ പ്രോസ്പിരിറ്റി കൗൺസിൽ യോഗത്തിൽ തീരുമാനിച്ചിരുന്നു.<br>ഒന്നാം ഘട്ടം - മനക്കൽ ചിറ മുതൽ ഒന്നാംകര വരെ (11.78 കി.മീ)<br>രണ്ടാം ഘട്ടം - ഒന്നാം കര മുതൽ നെടുമുടി വരെ (3.42 കി.മീ)<br>മൂന്നാം ഘട്ടം - നെടുമുടി മുതൽ പള്ളാത്തുരുത്തി വരെ (5.73 കി.മീ)<br>13 ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി ഒന്നാം ഘട്ടം പൂർത്തീകരിച്ചു. ഇതിലുൾപ്പെടുത്തിയിരുന്ന കിടങ്ങറ പാലം പുനർനിർമ്മാണം സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകാത്തതുകാരണം നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. 12/07/2016-ൽ കൂടിയ പ്രോസ്പിരിറ്റി കൗൺസിൽ യോഗതീരുമാനപ്രകാരം നിലവിലുള്ള തടസ്സങ്ങൾ നീക്കി എ.സി. കനാൽ ഉപയോഗയോഗ്യമാക്കണമെന്ന് തീരുമാനിച്ചു. അതിൻപ്രകാരം രണ്ടാംഘട്ട |

പദ്ധതി രേഖ തയ്യാറാക്കിവരുന്നു. രണ്ടാംഘട്ട പദ്ധതി പൂർത്തിയായതിനു ശേഷം മാത്രമേ മൂന്നാംഘട്ട പദ്ധതി ഏറ്റെടുക്കാൻ കഴിയുകയുള്ളൂ.

(ബി) പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിന് ഏതെങ്കിലും വിധത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ബി) രണ്ടാംഘട്ട പദ്ധതിയിലുൾപ്പെട്ട ഭാഗത്തെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച്, കുടിയൊഴിപ്പിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പ്രാദേശികമായ പല എതിർപ്പുകളും നേരിടേണ്ടി വരുന്നു.

സെക്ഷൻ ഓഫീസർ